## വിപദസ്സന്തു നശ്ശശ്വത്തത്ര തത്ര ജഗദ്ഗുരോ !
## ഭവതോ ദർശനം യത് സ്യാദപുനർഭവദർശനം (1-8-25)

സൂതൻ തുടർന്നു.
കൃഷ്ണൻ തൻെറ ജോലിതീർന്നശേഷം ദ്വാരകയിലേക്കുമടങ്ങാൻ തുടങ്ങുമ്പോൾ മരിച്ചുപോയ അഭിമന്യുവിൻെറവിധവ ഉത്തര അലറിവിളിച്ചുകൊണ്ടോടിയെത്തി അവിടുത്തെ അഭയംപ്രാപിച്ചു. ഭയങ്കരമായ ഒരാഗ്നേയാസ്ത്രം ഭയന്നാണ് ഉത്തര ഓടിയെത്തിയത്. ഇതിനോടൊപ്പംതന്നെ പാണ്ഡവരും അതിശക്തമായ ഒരുബ്രഹ്മാസ്ത്രത്താൽ ആക്രമിക്കപ്പെട്ടു. പ്രാണഭിക്ഷനൽകി തിരിച്ചയച്ച അശ്വത്ഥാമാവായിരുന്നു ഇതിൻെറ യെല്ലാം പിന്നിൽ. ഉത്തരയുടെ ഗർഭംകൂടി നശിപ്പിക്കാനായിരുന്നു അയാളുടെ ദുഷ്ടബുദ്ധി. കൃഷ്ണൻ തൻെറ കനിവേറിയ കരങ്ങൾകൊണ്ട് ഗർഭസ്ഥശിശുവിനെയടക്കംഎല്ലാവരേയും രക്ഷിച്ചു. ഏതൊരു ദുഷ്ട ശക്തിക്കാണ് അവിടുത്തെ ജയിക്കാനാവുക.

പാണ്ഡവമാതാവായ കുന്തി ഭക്തിപാരവശ്യത്തോടെ പ്രാർത്ഥിച്ചു. “കൃഷ്ണ, അങ്ങ് പരമാത്മാവു തന്നെയാണ്. വികലമായ മനസ്സുള്ളവർക്ക് അങ്ങയെ തിരിച്ചറിയാൻ കഴിയില്ലതന്നെ. നമോവാകം. അങ്ങേയ്ക്ക് നമോവാകം. അങ്ങു ഞങ്ങളെ ഈആപത്ഘട്ടത്തിലും അശ്വത്ഥാമാവിൻെറ അസ്ത്രത്തിൽനിന്നും രക്ഷിച്ചു. എങ്കിലും ഞാൻപ്രാർത്ഥിക്കുന്നത് സർവ്വലോകനിയന്താവായ അവിടുന്ന് ഞങ്ങൾക്ക് കൂടുതൽ ആപത്തുകൾ വരുത്തണമെന്നുതന്നെയാണ്. അങ്ങിനെ ഞങ്ങൾ അവിടുത്തെ ശരണം പ്രാപിക്കാനിടവരുമല്ലൊ. അങ്ങിനെ ജനനമരണചക്രത്തിൻെറപിടിയിൽനിന്നും മോചനംലഭിക്കുമല്ലൊ. സ്വന്തം പാരമ്പര്യത്തിലും ശക്തിയിലും വിദ്യയിലും ധനത്തിലും അഹങ്കരിച്ചവർ നിൻെറ നാമം ഉരുവിടുന്നുപോലുമില്ല. നിന്തിരുവടിയെകാണുവാൻ സ്വന്തമായി ഒന്നുമില്ലാത്തവർക്കും അഹങ്കാരമില്ലാത്തവർക്കും മാത്രമേ സാധിക്കൂ.

ഭഗവാൻ, അങ്ങ് ആദിയന്തമില്ലാത്തവനാണല്ലൊ. ആർക്കാണവിടുത്തെ മഹിമയുടെ ആഴമളക്കാനാവുക? മനുഷ്യരൂപത്തിൽ അവതരിക്കുമ്പോഴും എങ്ങിനെയാണ് അങ്ങയെ അളക്കുക? അങ്ങ് തികച്ചും പക്ഷപാത മില്ലാത്തയാളാണെങ്കിലും മനുഷ്യൻെറ തുലോംതുച്ഛമായ മനസ്സ് അങ്ങയിൽ വൈവിദ്ധ്യംകണ്ടെത്തുന്നു. അങ്ങീവിശ്വത്തിൻെറ ആത്മാവാണ്. വിശ്വമായികാണപ്പെടുന്നതിൻെറ ആത്മസത്തയുമാണ്. ജനനമറ്റവനായ അവിടുന്ന് അനേകം രൂപഭാവങ്ങളെ കൈക്കൊള്ളുന്നു. അങ്ങയുടെ അവതാരകാരണങ്ങളെപ്പറ്റി കൂർമ്മബുദ്ധികൾ പലവസ്തുതകളും നിരത്തുന്നുണ്ട്. അവിടുന്ന് ഭൂമിയിലേക്കിറങ്ങിവന്ന് പലവിധലീലകളും ചെയ്ത് മനുഷ്യനുസ്മരിക്കാനും ഭക്തിയുണ്ടാകാനുംവേണ്ടരീതിയിലുള്ള കർമ്മങ്ങൾ കൈയാളുന്നു. അങ്ങിനെയാ പാദാരവിന്ദങ്ങളിലേക്കവരെആകർഷിച്ച് മോക്ഷപദത്തിലേക്ക് നയിക്കുന്നു. ഭഗവൻ, ഞാനങ്ങയുടെ പാദങ്ങളിൽ അഭയംതേടുന്നു. എൻെറ മറ്റുബന്ധനങ്ങളെയെല്ലാമറുത്ത് അവിടുത്തെമാത്രം ചിന്തയിൽമുഴുകാൻ ഇടവരുത്തണേ. ഇതെൻെറ ഹൃദയംനിറഞ്ഞ പ്രാർത്ഥനയാണു കൃഷ്ണാ.”

കൃഷ്ണൻ പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു. “അങ്ങിനെയാകട്ടെ.” യുധിഷ്ഠിരന് തൻെറസങ്കടവും ആത്മനിന്ദയും സഹിക്കാവുന്നതിലപ്പുറമായിരുന്നു. മഹാഭാരതയുദ്ധത്തിൽ കുറെയേറെവില്ലാളികളെ കൊലക്കുകൊടുത്തതി ൻെറമനോദു:ഖം. “വേദപുരാണങ്ങളിൽപറയുമ്പോലെ ധർമ്മയുദ്ധത്തിൽ ശത്രുവിനെകൊല്ലുന്നതുകൊണ്ട് ഒരു രാജാവിന് പാപം കിട്ടുന്നില്ലെങ്കിലും അതെന്നെ സംതൃപ്തനാക്കുന്നില്ല.” യുധിഷ്ഠിരൻ പറഞ്ഞു.